


■ കുറിപ്പുകൾ

നാസ്വിഹ്

# പുതുവർഷത്തിലും ബാക്കിയാവുന്ന പ്രശ്നങ്ങൾ

**ലോകം** പുതുവത്സരാഘോഷത്തിന്റെ തിരക്കിലാണ്. ഗ്രിഗോറിയൻ കലണ്ടർ പ്രകാരം പുതിയൊരു വർഷം കൂടി പിറന്നിരിക്കുന്നു. നമ്മുടെ നാട്ടിലും ഈ ആഘോഷത്തിന് പ്രചാരം കൂടി വരികയാണ്. ആഘോഷം പലപ്പോഴും വഴിവിട്ടു പോകുന്നുമുണ്ട്. കമ്പോള നിയന്ത്രിത ലോകത്ത് പുതുവത്സരവേളയിൽ ആഘോഷത്തിനേ പ്രാധാന്യം കൽപിക്കപ്പെടുന്നുള്ളൂ. പോയ വർഷത്തെ കുറിച്ച വിലയിരുത്തലുകളും വരുംവർഷങ്ങളിലേക്കുള്ള മുന്നൊരുക്കങ്ങളും വളരെ കുറവാണ്. ആഘോഷത്തിമിർപ്പിനിടയിൽ മാനവരാശി നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങൾ അവഗണിക്കപ്പെടുന്നു. ആഗോളരംഗത്തെ പ്രവണതകൾ മുഴുവൻ പ്രതീക്ഷ പകരുന്നതല്ലെങ്കിലും പൂർണമായും നിരാശ നൽകുന്നവയുമല്ല.

സാമ്രാജ്യത്വം ലോകത്തെ പിടിമുറുക്കുന്ന ദൃശ്യം ബാക്കി വെച്ചാണ് 2007-ഉം വിട പറഞ്ഞത്. ലോകം നേരിടുന്ന ഏറ്റവും വലിയ ഭീഷണികളിലൊന്നാണിത്. ഇറാഖിലും അഫ്ഗാനിസ്താനിലും ചോരയൊഴുകിക്കൊണ്ടിരിക്കുന്നു. ഇരു രാജ്യങ്ങളിലും അധിനിവേശസേനകൾക്ക് ചെറുത്തുനിൽപ് പോരാളികളിൽനിന്ന് കനത്ത തിരിച്ചടിയും ലഭിക്കുന്നുണ്ട്. നിഷ്ഠുരമായ ആക്രമണങ്ങളിലൂടെയാണ് അധിനിവേശ സേനകൾ ചെറുത്തുനിൽപിന് അറുതിവരുത്താൻ ശ്രമിക്കുന്നത്. ഇറാഖിൽ അമേരിക്ക രംഗത്തിറക്കിയ കൂലിപ്പട്ടാളവും കടുത്ത മനുഷ്യാവകാശ ലംഘനങ്ങളാണ് നടത്തുന്നത്. ചെറുത്തുനിൽപ് വിഭാഗീയ സംഘർഷത്തിന് വഴിമാറിയ ഖേദകരമായ കാഴ്ചയും ഇറാഖിൽ കാണേണ്ടി വന്നു. ശീഈ -സുന്നീ സംഘർഷത്തിൽ ഒട്ടേറെ ജീവൻ പൊലിഞ്ഞു. സംഘർഷത്തിന് ആക്കം കൂട്ടാൻ അധിനിവേശകർ കുതന്ത്രങ്ങളിലൂടെ ശ്രമിക്കുകയായിരുന്നു. വിഭാഗീയ പോരാട്ടത്തിനെതിരെ ശീഈ-സുന്നീ പണ്ഡിതന്മാർ രംഗത്തിറങ്ങുകയും ഇറാൻ ഇടപെടുകയും ചെയ്തതോടെ സാഹചര്യം അൽപം മെച്ചപ്പെട്ടിട്ടുണ്ട്.

ഇറാഖിൽനിന്നും അഫ്ഗാനിസ്താനിൽനിന്നും തലയൂരാനാവാത്ത ഗതികേടിലാണ് സാമ്രാജ്യത്വ സേന. 2009-നു മുമ്പായി സൈന്യത്തെ പൂർണമായും പിൻവലിക്കുമെന്ന് തീരുമാനിക്കാൻ ബ്രിട്ടൻ നിർബന്ധിതമായി. ടോണി ബ്ലെയർക്ക് പടിയിറങ്ങേണ്ടിവന്നതു തന്നെ ഇറാഖ് നയം കാരണമായിരുന്നു. അധിനിവേശ സേന ഇറാഖിൽ ഭീഷണി നേരിടുന്നുണ്ടെങ്കിലും എണ്ണയൂറ്റൽ നിർബാധം തുടരുകയാണ്. ഇറാഖിന്റെ വിവിധ ഭാഗങ്ങളിൽ എണ്ണക്കുവേണ്ടി ബഹുരാഷ്ട്ര കമ്പനികൾ തമ്പടിച്ചിട്ടുണ്ട്. ഏറ്റവുമൊടുവിൽ ഇറാഖിനെ വെട്ടിമുറിക്കാനുള്ള നീക്കവുമായാണ് അമേരിക്ക മുന്നോട്ടുപോകുന്നത്. ശീഈകൾക്കും സുന്നികൾക്കും കുർദുകൾക്കും മൂന്ന് ഫെഡറൽ സ്റ്റേറ്റുകൾ സ്ഥാപിക്കാനുള്ള നിർദേശം അമേരിക്കൻ സെനറ്റിൽ ഉയർന്നുകഴിഞ്ഞു. ആഭ്യന്തര യുദ്ധത്തിലേക്കും ഇറാഖ് വിഭജനത്തിലേക്കും നയിക്കാൻ ഇടയുള്ള ഈ നീക്കത്തിനെതിരെ ഇറാഖിലെ വിവിധ വിഭാഗങ്ങൾ രംഗത്തുവന്നിട്ടുണ്ട്.

അഫ്ഗാനിസ്താനിൽ താലിബാൻ സേന പല പ്രദേശങ്ങളും കഴിഞ്ഞ വർഷം തിരിച്ചുപിടിക്കുകയുണ്ടായി. അധിനിവേശ സേന താങ്ങിനിർത്തുന്ന കർസായിയുടെ പാവസർക്കാറിന് കാബൂളിനു പുറത്ത് സ്വാധീനമില്ല. അധിനിവേശത്തിനു ശേഷം അഫ്ഗാനിസ്താനിൽ കറുപ്പു കൃഷി വ്യാപിക്കുന്നതായും റിപ്പോർട്ടുണ്ട്. സോമാലിയയിൽ ജനപിന്തുണയോടെ അധികാരത്തിലേറിയ ഇസ്ലാമിക് കോർട്സ് യൂനിയനെ പുറത്താക്കാൻ എല്ലാ അന്താരാഷ്ട്ര നിയമങ്ങളും ലംഘിച്ച് എത്യോപ്യൻ സേനയോടൊപ്പം ആക്രമണം നടത്തിയ അമേരിക്ക സാമ്രാജ്യത്വ ധാർഷ്ട്യത്തിന്റെ നെറികെട്ട മാതൃകയാണ് കാഴ്ച വെച്ചത്.

മൂന്നാം ലോക യുദ്ധത്തെക്കുറിച്ച് ഭീഷണി മുഴക്കി യുദ്ധജ്വരമുണർത്താൻ ശ്രമിച്ച അമേരിക്കൻ പ്രസിഡന്റ് ജോർജ് ബുഷിന് വർഷാവസാനം നാഷ്നൽ ഇന്റലിജൻസ് എസ്റ്റിമേറ്റ് റിപ്പോർട്ടിലൂടെ കനത്ത തിരിച്ചടി ലഭിച്ചെങ്കിലും ബുഷ് പിന്നെയും മുന്നോട്ടുതന്നെയാണ്. ഇറാൻ ആണവായുധ പദ്ധതി 2003-ൽ അവസാനിപ്പിച്ചുവെന്നും ആണവായുധ നിർമാണത്തിനാവശ്യമായ പ്ലൂട്ടോണിയം 2015-നു മുമ്പ് ഉൽപാദിപ്പിക്കാൻ ഇറാന് കഴിയില്ലെന്നും റിപ്പോർട്ടിൽ അസന്ദിഗ്ധമായി പറയുന്നു. എന്നാൽ ഇറാൻ അപകടകാരിയായ രാജ്യമാണെന്നും ഇറാന് ആണവായുധമോഹമുണ്ടെന്ന് റിപ്പോർട്ട് ശരിവെച്ചിരിക്കുകയാണെന്നും പറഞ്ഞ് ബുഷ് സയണിസ്റ്റ് ലോബിയെ തൃപ്തിപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്. 2007 അവസാനം ഇറാനെ ആക്രമിക്കുമെന്ന ആശങ്ക ഉണ്ടായിരുന്നുവെങ്കിലും താൽക്കാലികമായെങ്കിലും യുദ്ധഭീതി നീങ്ങിയിട്ടുണ്ട്. ഇറാഖിലെ ഊരാക്കുടുക്കിൽനിന്ന് രക്ഷപ്പെടാൻ അമേരിക്കക്ക് ഇറാന്റെ സഹായം അനിവാര്യമായതിനാലാണ് ഈ നിലപാടു മാറ്റമെന്ന് വിലയിരുത്തുന്നവരുണ്ട്.

ഇറാനെ ആക്രമിക്കുന്നതിൽനിന്ന് അമേരിക്ക പിറകോട്ടടിച്ചത് സയണിസ്റ്റുകളെ നിരാശരാക്കിയിട്ടുണ്ട്. ലബനാനിൽ ഹിസ്ബുല്ലയിൽനിന്ന് നേരിട്ട നിന്ദ്യമായ പരാജയത്തിന്റെ കയ്പോടെ 2007-നെ വരവേറ്റ ഇസ്രയേലിന് ജനാധിപത്യ മാർഗേണ അധികാരത്തിലേറിയ ഹമാസിനെ താഴെയിറക്കി ഗസ്സയിൽ ഒതുക്കിനിർത്താൻ സാധിച്ചത് വൻ വിജയമാണ്. ഫലസ്തീൻ പ്രസിഡന്റ്

മഹ്മൂദ് അബ്ബാസിനെ ഉപയോഗപ്പെടുത്തിയാണ് ഇസ്രയേൽ ഇത് സാധിച്ചെടുത്തത്. സാമ്പത്തിക ഉപരോധത്തിലൂടെ ഫലസ്ത്വീനികളെ ഹമാസ് ഗവൺമെന്റിനെതിരെ തിരിച്ചുവിടാൻ ശ്രമിച്ച അതേ ഹീനതന്ത്രം തന്നെയാണ് ഇപ്പോൾ ഗസ്സയിലും പയറ്റുന്നത്. ഇതിനിടയിൽ ഫലസ്ത്വീൻ ഭൂമി വെട്ടിപ്പിടിത്തവും ജൂതകുടിയേറ്റവും വിഭജന മതിൽ നിർമാണവും നിർവിഘ്നം തുടരുന്നുമുണ്ട്. അന്നപൊളീസ് ഉച്ചകോടി അപഹാസ്യമായെങ്കിലും ഇസ്രയേലിന്റെ താൽപര്യങ്ങൾക്കാണതിൽ മേൽക്കൈ ലഭിച്ചത്.

ലോകജനതയിൽ വലിയൊരു വിഭാഗം ഏകാധിപത്യനുകത്തിനു കീഴിൽ നരകിക്കുകയാണ്. സ്വയം നിർണയാവകാശവും അഭിപ്രായ സ്വാതന്ത്ര്യവും അവർക്ക് നിഷേധിക്കപ്പെടുന്നു. ഏകാധിപത്യത്തിനും പട്ടാള വാഴ്ചക്കുമെതിരെ ശബ്ദിക്കാൻ പോലും കഴിയാത്ത മനുഷ്യർ ഏറെയുണ്ട്. ഈജിപ്തിലും മ്യാൻമറിലും മറ്റും ജനാധിപത്യത്തിനായി പ്രക്ഷോഭം നടത്തുന്നവരെ തടങ്കലിലിട്ടു പീഡിപ്പിക്കുന്നു. പാകിസ്താനിൽ അടിയന്തരാവസ്ഥ പിൻവലിക്കപ്പെടുകയും മുശർറഫ് സൈനിക മേധാവി സ്ഥാനം ഒഴിയുകയും തെരഞ്ഞെടുപ്പിന് കളമൊരുങ്ങുകയും ചെയ്തത് പ്രതീക്ഷയുണർത്തിയെങ്കിലും ഏറ്റവും ഒടുവിൽ ബേനസീർ ഭുട്ടോ നിഷ്ഠുരമായി കൊല്ലപ്പെട്ടത് ആ രാജ്യത്തെ വൻ പ്രതിസന്ധിയിലേക്ക് തള്ളിവിട്ടിരിക്കുകയാണ്.

വംശവിദ്വേഷത്തിലധിഷ്ഠിതമായ അക്രമസംഭവങ്ങൾ ലോകത്ത് പൂർണമായും ഇല്ലാതായിട്ടില്ല. ഫ്രാൻസിൽ തീവ്ര വലതുപക്ഷ നേതാവ് നിക്കോളസ് സർക്കോസി അധികാരത്തിലേറിയത് ആശങ്കാജനകമാണ്. ഇന്ത്യയിൽ കഴിഞ്ഞ വർഷം വർഗീയ കലാപങ്ങൾ താരതമ്യേന കുറവായിരുന്നുവെങ്കിലും ഗുജറാത്തിൽ മോഡിക്ക് അധികാരം നിലനിർത്താൻ സാധിച്ചതും വർഷാവസാനം ഒറീസ്സയിൽ ക്രിസ്ത്യൻ ചർച്ചുകൾ ആക്രമിക്കപ്പെട്ടതും ഫാഷിസ്റ്റുഭീഷണി സജീവമായി നിലനിൽക്കുന്നുവെന്നതിന്റെ സൂചനയാണ്. വർഷങ്ങളായി സാമുദായിക സൗഹാർദം നിലനിന്നുപോരുന്ന മലേഷ്യയിൽ പോലും ഇന്ത്യൻ വംശജർക്കിടയിൽ ഫാഷിസ്റ്റ് അജണ്ടയോടുകൂടിയ പ്രവർത്തനങ്ങൾ നടക്കുന്നതായി കഴിഞ്ഞ വർഷം വെളിപ്പെടുകയുണ്ടായി.

സാമ്പത്തികരംഗത്തെ ആഗോളീകരണ നയങ്ങളുടെ ഫലമായി സമ്പന്ന-ദരിദ്ര വിടവ് ഓരോ വർഷവും വർധിച്ചുവരികയാണ്. 48 ദരിദ്ര രാജ്യങ്ങളുടെ മൊത്തം സ്വത്ത് ലോകത്തെ ഏറ്റവും വലിയ മൂന്ന് സമ്പന്നരുടെ സ്വത്തിനേക്കാൾ കുറവാണ്. കഴിഞ്ഞ വർഷം പുറത്തിറക്കിയ യൂനിസെഫ് പ്രോഗ്രസ് റിപ്പോർട്ടിൽ അഞ്ചു വയസ്സിൽ താഴെയുള്ള 27 ശതമാനം കുട്ടികളെ തൂക്കക്കുറവ്, പോഷകാഹാരക്കമ്മി, രോഗം, മരണം എന്നിവ ബാധിക്കുന്നതായി പറയുന്നു. മതിയായ പോഷകാഹാരം ലഭിക്കാതെയാണ് 143 മില്യൻ കുട്ടികൾ പുതുവർഷത്തിൽ പ്രവേശിച്ചിരിക്കുന്നത്. ലോകത്തുടനീളം വീടില്ലാത്തവരുടെ അംഗസംഖ്യ 640 മില്യൻ വരും.

കുത്തനെ വർധിച്ചിരുന്ന എയിഡ്സ് ബാധിതരുടെ എണ്ണം ആദ്യമായി കുറഞ്ഞത് കഴിഞ്ഞ വർഷമാണ്. ഇത് പ്രതീക്ഷയുണർത്തുന്നതാണെങ്കിലും മൂന്നു കോടിയിലധികമുള്ള എയിഡ്സ് ബാധിതർ ലോകത്തിനു വെല്ലുവിളിയാണ്. മരുന്നുൽപാദനരംഗത്തെ കുത്തകവത്കരണം മൂലം മരുന്നുകൾക്കുണ്ടായ വിലക്കയറ്റം ദരിദ്ര രാജ്യങ്ങളെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. സമ്പന്നരെ ബാധിക്കുന്ന രോഗങ്ങൾക്കുള്ള മരുന്നുകളും വയാഗ്ര പോലുള്ളവയും ഉൽപാദിപ്പിക്കാനാണ് ബഹുരാഷ്ട്ര മരുന്നു കമ്പനികൾക്ക് താൽപര്യം. ലാഭകരമായ ഈ മേഖലയിലാണ് കൂടുതൽ ഗവേഷണങ്ങൾ നടക്കുന്നതും. പുതിയ മരുന്നുകൂട്ടുകളിൽ ദരിദ്രർക്കാവശ്യമായവ ഒരു ശതമാനത്തിൽ താഴെയാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

പ്രാഥമിക വിദ്യാഭ്യാസരംഗത്ത് നേരിയ പുരോഗതി കൈവരിക്കാൻ സാധിച്ചതായി കഴിഞ്ഞ വർഷത്തെ യൂനിസെഫ് റിപ്പോർട്ട് തെളിയിക്കുന്നുണ്ട്. പ്രൈമറി സ്കൂൾ പ്രായത്തിലുള്ള 85 ശതമാനത്തിലധികം കുട്ടികൾക്ക് ഇപ്പോൾ പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുന്നുണ്ട്. ഏഷ്യൻ രാജ്യങ്ങൾ ഈ രംഗത്ത് മുന്നേറിയപ്പോൾ ആഫ്രിക്കൻ രാജ്യങ്ങൾ ഇപ്പോഴും പിന്നിലാണ്. എന്നാൽ ഉന്നത വിദ്യാഭ്യാസം ചെലവേറിയതായതിനാൽ ദരിദ്ര വിഭാഗങ്ങൾക്കത് അപ്രാപ്യമായി മാറുകയാണ്.

ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും ഉയർത്തുന്ന ഭീഷണി നിലനിൽക്കെയാണ് ലോകം പുതുവർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്നത്. പേമാരിയും കൊടുങ്കാറ്റും വെള്ളപ്പൊക്കവും പല രാജ്യങ്ങളിലും നാശനഷ്ടങ്ങളുണ്ടാക്കി. വ്യവസായവത്കൃത രാജ്യങ്ങളും വൻകിട കമ്പനികളുമാണ് ആഗോളതാപനത്തിനിടയാക്കുന്ന അന്തരീക്ഷ മലിനീകരണത്തിന് മുഖ്യകാരണക്കാരെങ്കിലും മലിനീകരണം നിയന്ത്രിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ അമേരിക്കയും മറ്റും തയാറല്ല. കഴിഞ്ഞ വർഷം കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് ബാലിയിൽ നടന്ന സമ്മേളനവും പ്രശ്ന പരിഹാരത്തിന് ഫലപ്രദമായ നടപടികളൊന്നും മുന്നോട്ടുവെച്ചിട്ടില്ല.

പ്രതീക്ഷയോടെ ലോകം പുതുവർഷത്തെ വരവേൽക്കുമ്പോഴും മാനവരാശിയുടെ അടിസ്ഥാന പ്രശ്നങ്ങൾ മിക്കവയും പരിഹരിക്കപ്പെടാതെ ബാക്കി നിൽക്കുന്നുവെന്നാണ് ഇത്തരം വസ്തുതകൾ തെളിയിക്കുന്നത്. ■